**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1814** **29-07-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. ഇനത്തിൽ സംസ്ഥാന ഗവൺമെന്റിന് കേന്ദ്രം നൽകേണ്ട വിഹിതം ലഭിക്കാത്തത് കൊണ്ട് സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നുണ്ടോ; | (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ലഭിക്കേണ്ട, സംസ്ഥാനത്തിന് അർഹതപ്പെട്ട റവന്യൂ വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം യഥാസമയം കേന്ദ്ര സർക്കാർ അനുവദിയ്ക്കാത്തത് ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ടി സ്ഥിതി ഈ സാമ്പത്തിക വർഷവും തുടരുന്നുവെന്നതൊരു വസ്തുതയാണ്. തത്ഫലമായി ടി പ്രതിസന്ധി പരിഹരിയ്ക്കുന്നതിനായി കടമെടുക്കേണ്ടി വരുന്നതിനാൽ പലിശ ഇനത്തിൽ അധിക ബാധ്യതയും ഉണ്ടാകുന്നു. ഈ പ്രതിസന്ധി ഘട്ടത്തിലും സർക്കാരിന്റെ ക്രിയാത്മകവും ഭാവനാപൂർണ്ണവുമായ നടപടികളുടെയും ധനദൃഢീകരണ പ്രവർത്തനങ്ങളുടെയും ഫലമായി വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടത്തുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | എത്ര കോടി രൂപ ജി.എസ്.ടി. ഇനത്തിൽ കേന്ദ്രം സംസ്ഥാന സർക്കാരിന് വിഹിതമായി നിലവിൽ നൽകാൻ ബാക്കിയുണ്ട് എന്നറിയിക്കാമോ? | (ബി) | സംസ്ഥാനത്തിന് ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കാനുള്ള ബാക്കി തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| F.Y | Protected Revenue (Cr) | Total Collection (Cr) | Compensation receivable (Cr) | Compensation received (Cr) | Balance (Cr) |
|---|---|---|---|---|---|
| 2020-21 | 32400 | 20255.15 | 12144.85 | 9800.83 | 2344.02 |
| 2021-22 | 9234* | 4445.37 | 4788.63 | 4122.27 | 666.36 |

* June 2021

സെക്ഷൻ ഓഫീസർ